ദി കേരള സ്റ്റേറ്റ് ഫിനാൻഷ്യൽ എന്റർപ്രൈസസ് ലിമിറ്റഡ്
(ഒരു കേരള സർക്കാർ സ്ഥാപനം)
ഭദ്രത, മ്യൂസിയം റോഡ്, പി. ബി. നമ്പർ. 510, തൃശ്ശൂർ – 680 020, കേരള, ഇന്ത്യ
ഫോൺ: +91 487 2332255, ഫാക്സ്: +91 487 2336232, www.ksfe.com

റഫ.നമ്പർ : 3025/Plg

തിയ്യതി : 25.02.2021

## സർക്കുലർ നമ്പർ 16/2021 (BD)

വിഷയം : കെ.എസ്.എഫ്.ഇ വിദ്യാശ്രീ പദ്ധതി – തുടർനടപടിക്രമങ്ങൾ സംബന്ധിച്ച്

സൂചന :
1. സർക്കുലർ നമ്പർ 43/2020 തീയ്യതി 07.07.2020
2. സർക്കുലർ നമ്പർ 59/2020 തീയ്യതി 14.09.2020
3. 06/02/2021 തീയ്യതിയിലെ GO(MS) No. 6/2021/TD
4. 09/02/2021 തീയ്യതിയിലെ GO(MS) No. 9/2021/Taxes

** ** **

സൂചന (1) പ്രകാരം കുടുംബശ്രീ അംഗങ്ങളുടെ വിദ്യാർത്ഥികളായ കുട്ടികളുടെ ഓൺലൈൻ വിദ്യാഭ്യാസ ആവശ്യത്തിലേയ്ക്കായി ലാപ് ടോപ്പുകൾ പ്രദാനം ചെയ്യുന്നതിനുവേണ്ടി കെ.എസ്.എഫ്.ഇ വിദ്യാശ്രീ പദ്ധതി എന്ന പേരിൽ ഒരു പദ്ധതി ആരംഭിച്ചിരുന്നുവല്ലോ. അതു പ്രകാരം ഉള്ള ലാപ് ടോപ്പ് വിതരണത്തിന്റെ സംസ്ഥാനതല ഉദ്ഘാടനം 19.02.2021 ൽ ബഹു. മുഖ്യമന്ത്രി ഓൺലൈൻ ആയി നിർവ്വഹിക്കുകയുണ്ടായി. അതോടൊപ്പം തന്നെ വിവിധ ജില്ലകളിൽ മന്ത്രിമാരും മറ്റ് ജനപ്രതിനിധികളും ചേർന്ന് അതിന്റെ ജില്ലാതല ഉദ്ഘാടനങ്ങളും നിർവ്വഹിക്കുകയുണ്ടായി. ഏതാണ്ട് 200 ഓളം ലാപ് ടോപ്പുകൾ അന്നേദിവസം ഗുണഭോക്താക്കൾക്ക് വിതരണം ചെയ്യുകയുണ്ടായി .

കോക്കോണിക്സ്, ഏയ്സർ, എച്ച് പി , ലെനോവ എന്നീ നാലു കമ്പനികൾ ആണ് ലാപ് ടോപ്പ് നൽകുന്നത് . നേരത്തേ നിശ്ചയിച്ച പ്രകാരം 500 രൂപ വെച്ച് 30 പ്രതിമാസത്തവണകളിലൂടെയാണ് ഈ പദ്ധതി പൂർണ്ണമാകുക. 9% ആണ് ഈ പദ്ധതിയുടെ പലിശയായി നിശ്ചയിച്ചിട്ടുള്ളത്. അതിൽ 5% സർക്കാരും 4% കെ.എസ്.എഫ്.ഇ. യും വഹിക്കുന്നതിനാൽ ഗുണഭോക്താക്കൾ പലിശയിനത്തിൽ ഒന്നുംതന്നെ അടക്കേണ്ടതില്ല. കെ.എസ്.എഫ്.ഇ. വഹിക്കുന്ന ഈ 4% പലിശയ്ക്ക് തത്തുല്യമായ തുക അനുവദിച്ചു തരുന്നതിനായി സർക്കാരിലേയ്ക്ക് എഴുതിയിട്ടുണ്ട്. മൂന്നു തവണ സംഖ്യകൾ അടച്ചു കഴിഞ്ഞാൽ ലാപ് ടോപ്പ് തെരഞ്ഞെടുക്കാവുന്നതാണ് . ഇങ്ങനെ തെരഞ്ഞെടുക്കുന്ന ലാപ് ടോപ്പിന്റെ വില 15,000/-രൂപയിൽ കൂടുതൽ ആണെങ്കിൽ ബാക്കി തുക 12 മാസത്തിനുള്ളിൽ ഗുണഭോക്താക്കൾ ശാഖയിൽ അടക്കേണ്ടതാണ്. അത്തരം ഗുണഭോക്താക്കളിൽ നിന്നും അക്കാര്യം സൂചിപ്പിക്കുന്ന ഒരു അണ്ടർടേക്കിങ്ങ് ഒപ്പിട്ടുവാങ്ങി ശാഖയിൽ സൂക്ഷിക്കേണ്ടതാണ് . അതിന്റെ മാതൃകയും മറ്റും ഉടൻ തന്നെ അയച്ചുതരുന്നതാണ്.

ഈ പദ്ധതിയിൽ ചേരുന്നവർക്ക് സർക്കാർ സബ്സിഡി പ്രഖ്യാപിച്ചിട്ടുണ്ട്. അതു പ്രകാരം ഗുണഭോക്താവ് ആശ്രയ കുടുംബത്തിലെ അംഗമാണെങ്കിൽ ലാപ് ടോപ്പ് വിലയുടെ 50% (പരമാവധി 7,500/- രൂപ വരെ) സബ്സിഡിയായി ലഭിക്കുന്നതാണ്. 31 കോടി രൂപയാണ് ഇതിനായി വകയിരുത്തിയിട്ടുള്ളത്. ആദ്യം വരുന്നവർക്ക് ആദ്യം എന്ന നിലയിൽ ആണ് സബ്സിഡിത്തുക വിനിയോഗിക്കുക. ഈ തുക വിനിയോഗിച്ചുകഴിഞ്ഞാൽ പിന്നീട് വരുന്നവർക്ക് സബ്സിഡി അനുവദിക്കുന്നതല്ല . ഇതിനു പുറമേ പ്രസ്തുത വിഭാഗക്കാർക്ക് 25% അധിക സബ്സിഡി (പരമാവധി 3,750/- രൂപ വരെ ) തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളും അനുവദിക്കുന്നതാണ്. പട്ടികജാതി /

പട്ടികവർഗ്ഗ കുടുംബങ്ങൾ, മത്സ്യബന്ധനകുടുംബങ്ങൾ, എന്നിവിടങ്ങളിൽ നിന്നും വരുന്ന ഗുണഭോക്താക്കൾക്ക് ബന്ധപ്പെട്ട വകുപ്പ് നിശ്ചയിക്കുന്ന സബ്സിഡികൾ ലഭിക്കുന്നതാണ്. അതുപോലെ മറ്റു വകുപ്പുകളിൽ നിന്നും സബ്സിഡി ലഭിക്കുകയാണെങ്കിൽ അതും ഗുണഭോക്താക്കൾക്ക് കൈപറ്റാവുന്നതാണ് .

ലാപ് ടോപ്പ് ലഭിക്കുന്നതിനായി ഗുണഭോക്താക്കളുടെ ഭാഗത്തുനിന്നും ലഭിക്കേണ്ട രേഖകൾ, മറ്റ് നടപടിക്രമങ്ങൾ, അക്കൗണ്ടിങ്ങ് സംബന്ധിച്ച നിർദ്ദേശങ്ങൾ, ഉടമ്പടി രേഖകൾ തുടങ്ങിയവയെല്ലാം താമസിയാതെ ശാഖകളിലേയ്ക്ക് അയച്ചുതരുന്നതാണ്

**കെ.എസ്.എഫ്.ഇ. യ്ക്കു വേണ്ടി**

**സുബ്രഹ്മണ്യൻ വി.പി.**
**മാനേജിംഗ് ഡയറക്ടർ**

To: **എല്ലാ ശാഖാ തലവൻമാർക്കും**

പകർപ്പ്:

i. എല്ലാ മേഖല ഓഫീസുകൾക്കും
ii. ഹെഡ് ഓഫീസിലെ എല്ലാ വകുപ്പ മേധാവികൾക്കും
iii. എല്ലാ ഐ.എ.ഡി ടീമുകൾക്കും / പ്രിവന്റീവ് വിജിലൻസ് സ്ക്വാഡ്കൾക്കും
iv എല്ലാ എസ്.ഡി.റ്റി ഓഫീസുകൾക്കും
v എം.ഡി. യുടെ പി.എ.
vi സർക്കുലർ ഫയൽ